**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 495** **17-03-2023 - ൽ മറുപടിയ്ക്ക്**

**ഐ.ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കാൻ നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഐ.ജി.എസ്.ടി. ഇനത്തിൽ കൂടുതൽ നഷ്ടം ഉണ്ടാകാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഐ.ജി.എസ്.ടി. ഉൾപ്പെടെയുള്ള ജി.എസ്.ടി. നികുതി സമ്പ്രദായം ഇപ്പോഴും സംസ്ഥാന സർക്കാരുകൾക്ക് പൂർണ്ണമായി നികുതിവിഹിതം ലഭിക്കുന്നതിന് സാങ്കേതികമായി സജ്ജമായിട്ടില്ല. ഇക്കാര്യം ചൂണ്ടിക്കാട്ടി സംസ്ഥാനം കേന്ദ്ര സർക്കാരിനെയും അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി. നികുതി സമ്പ്രദായം പൂർണ്ണമായും സാങ്കേതികമായി സജ്ജമാകുന്നതുവരെ നഷ്ടപരിഹാരം നൽകുന്നത് തുടരണമെന്നും നഷ്ടപരിഹാര കാലാവധി 5 വർഷംകൂടി ദീർഘിപ്പിക്കണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കണമെന്ന് സംസ്ഥാനം പലതവണ ജി.എസ്.ടി. കൗൺസിലിലും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ആവശ്യങ്ങളെ തുടർന്ന് ജി.എസ്.ടി. റിട്ടേൺ ഫോമിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയും, റിട്ടേണിലേക്കുള്ള വിവരങ്ങൾ automated ആക്കുകയും ചെയ്യുകയുണ്ടായി. റിട്ടേൺ കൃത്യമായി എങ്ങനെ ഫയൽ ചെയ്യണം എന്നത് സംബന്ധിച്ച വിശദമായ മാർഗ നിർദ്ദേശങ്ങൾ ട്രേഡ് സർക്കുലറുകളിലൂടെ നേരത്തെ തന്നെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് വ്യാപാരികളെ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര റവന്യൂ വകുപ്പും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇ-വേ ബിൽ സംവിധാനം കുറ്റമറ്റതാക്കിയും റിട്ടേൺ ഫയലിങ് കാര്യക്ഷമമാക്കിയും ഐ.ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിലെ അപര്യാപ്തത ജി.എസ്.ടി. യുടെ തുടക്കം മുതൽ പല പ്രശ്നങ്ങളും സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. ജി.എസ്.ടി. യുടെ തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഐ.ജി.എസ്.ടി. സെറ്റിൽമെന്റുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് കൃത്യത ഉറപ്പാക്കണമെന്ന് സംസ്ഥാനം പലതവണ ജി.എസ്.ടി. കൗൺസിലിലും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ആവശ്യങ്ങളെ തുടർന്ന് ജി.എസ്.ടി. റിട്ടേൺ ഫോമിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയും, റിട്ടേണിലേക്കുള്ള വിവരങ്ങൾ automated ആക്കുകയും ചെയ്യുകയുണ്ടായി. റിട്ടേൺ കൃത്യമായി എങ്ങനെ ഫയൽ ചെയ്യണം എന്നത് സംബന്ധിച്ച വിശദമായ മാർഗ നിർദ്ദേശങ്ങൾ ട്രേഡ് സർക്കുലറുകളിലൂടെ നേരത്തെ തന്നെ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് വ്യാപാരികളെ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര റവന്യൂ വകുപ്പും നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതോടൊപ്പം നികുതിദായകരെക്കൊണ്ട് റിട്ടേൺ മുടക്കംകൂടാതെ ഫയൽ ചെയ്യിക്കുന്നതിനും ചരക്കുനീക്ക സമയത്ത് ഇ-വേ ബിൽ എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ട നടപടികൾ വകുപ്പിന്റെ ടാക്സ്പെയർ വിഭാഗവും ഇന്റലിജൻസ് ആന്റ് എൻഫോഴ്സ്മെന്റ് വിഭാഗവും സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെയെല്ലാം ഫലമായി സംസ്ഥാനത്തിന് മുൻകാലത്തെ അപേക്ഷിച്ച് ഐ.ജി.എസ്.ടി. ഇനത്തിൽ കൂടുതൽ നേട്ടമുണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ